(എ&ബി) കാസർഗോഡ് ജില്ലയിൽ 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഉപ്പള, അട്ടൂർ, വെള്ളരിക്കുണ്ട് തുടങ്ങിയ സ്ഥലങ്ങളാണ് പരിഗണനയിലുള്ളത്. ഇതിന്റെ ആവശ്യകത സംബന്ധിച്ചുള്ള സാങ്കേതിക സാധ്യതാ പഠനം നടന്നുവരികയാണ്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

പൂവാർ സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള നടപടി

228(5387) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കരുങ്കുളം, കാഞ്ഞിരംകുളം, പൂവാർ, തിരുപുറം, കോട്ടുകാൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട തീരദേശത്തും പരിസരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമവും വൈദ്യുതി തടസ്സവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയതിനുള്ള പരിഹാരമെന്ന നിലയിൽ പൂവാർ കെ. എസ്. ഇ. ബി 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്ന പ്രവൃത്തിയുടെ ഡി.പി.ആർ അംഗീകരിച്ചുണ്ടോ; ഇല്ലെങ്കിൽ ഡി.പി.ആർ. അംഗീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം ജില്ലയിലെ കരുംകുളം, കാഞ്ഞിരംകുളം, പൂവാർ, തിരുപുറം, കോട്ടുകാൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ തീരദേശത്തും പരിസരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമത്തിനും വൈദ്യുതി തടസ്സത്തിനും പരിഹാരം എന്ന നിലയിൽ നിലവിലുള്ള 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി ആക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഉണ്ട്. ഇതിനുള്ള സാങ്കേതിക പഠനം നടത്തി അപ്രൂവൽ ലഭിച്ചിട്ടുണ്ട്. ഡി.പി.ആർ അംഗീകരിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

മസ്ദൂർ തസ്തികയിലേയ്ക്കുള്ള നിയമനം

229(5388) ശ്രീ. സന്ദീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ പെറ്റി കോൺട്രാക്ട് വർക്കേഴ്സിൽനിന്ന് മസ്ദൂർ തസ്തികയിലേയ്ക്കുള്ള അന്തിമ സീനിയോരിറ്റി പട്ടികയിൽ (കാറ്റഗറി നമ്പർ 63/2017) ഉൾപ്പെട്ടവരുടെ നിയമന വിശദാംശങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.ലിമിറ്റഡിൽ പെറ്റി കോൺട്രാക്ടേഴ്സ്/കോൺട്രാക്ട് ലൈൻ വർക്കേഴ്സ് ആയി 1200 പ്രവൃത്തിദിവസം പൂർത്തീകരിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തണമെന്ന പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ 2004-ലെ വിധിയെത്തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടവരിൽ അർഹത നിർണ്ണയ പരീക്ഷ നടത്തി സാമുദായിക സംവരണാടിസ്ഥാനത്തിൽ മുൻഗണന ക്രമീകരിച്ച് തയ്യാറാക്കി പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽനിന്നും (കാറ്റഗറി നമ്പർ 63/2017) നിയമന ശിപാർശ ചെയ്ത 1486 പെറ്റി കോൺട്രാക്ട് വർക്കേഴ്സിന് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ നിയമന ഉത്തരവ് നൽകുകയും ആയതിൽ 1455 പേർ ജോലിക്ക് ഹാജരാകുകയും ചെയ്തു. അപ്രകാരമുണ്ടായ 31 എൻ.ജെ.ഡി ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുകയും ആയതിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയ എല്ലാ പേർക്കും കെ.എസ്.ഇ.ബി.ലിമിറ്റഡ് ഇതിനകം നിയമന ഉത്തരവ് നൽകുകയും അവർ ജോലിക്ക് ഹാജരായിട്ടുള്ളതുമാണ്. ഇപ്രകാരം നിയമിച്ച 1486 പെറ്റി കോൺട്രാക്ടർമാരിൽ ഭൂരിഭാഗംപേരെയും ഒഴിവുകൾ ഇല്ലാത്തതിനാൽ സൂപ്പർ ന്യൂമററി ആയിട്ടാണ് മസ്ദൂർ തസ്തികയിൽ നിയമിച്ചിട്ടുള്ളത്. പ്രസ്തുത നിയമന സമയത്ത് 165 ഒഴിവുകൾ മാത്രമാണ് മസ്ദൂർ തസ്തികയിൽ ഉണ്ടായിരുന്നത്. എന്നിരുന്നാലും വിവിധ കോടതി വിധികളുടെ അനുസരണാർത്ഥം ഒഴിവുകളുടെ അഭാവത്തിൽ ബാക്കിയുള്ള 1321 പേരെ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾകൂടി കണക്കിലെടുത്ത് സൂപ്പർ ന്യൂമററി ആയിട്ടാണ് നിയമിച്ചത്. പ്രസ്തുത നിയമന തീയതിക്കുശേഷം ഇറങ്ങിയ പ്രമോഷൻ ഉത്തരവുകൾവഴിയുണ്ടായ മസ്ദൂർ തസ്തികയിലെ ഒഴിവുകളിൽ ടി ലിസ്റ്റിലെ ഭൂരിഭാഗം പേരേയും ഉൾക്കൊണ്ടിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മസ്ദൂർ തസ്തികയിലെ അനുവദനീയമായ എണ്ണം 5311 ആണെങ്കിലും നിലവിൽ 5444 പേർ മസ്ദൂർ തസ്തികയിൽ ജോലി നോക്കിവരുന്നു. 133 ജീവനക്കാർ അനുവദനീയമായ എണ്ണത്തേക്കാൾ അധികമായി ജോലിയിൽ തുടരുകയാണ്.

(ബി) ഇരുപത് വർഷത്തിലേറെയായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഇവർക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ അവശേഷിക്കുന്നവരുടെ നിയമനം സംബന്ധിച്ച വിഷയത്തിൽ ഉചിതതലത്തിൽ പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.